കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം

401 [747] ശ്രീ. കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 അദ്ധ്യയന വർഷത്തിൽ സർക്കാർ നോംസ് അനുസരിച്ച് സ്ഥലം മാറ്റത്തിന് അർഹതയുള്ള കോളേജ് അദ്ധ്യാപകർ സ്ഥലം മാറ്റം ആവശ്യപ്പെട്ടാലും നൽകരുതെന്നു എന്തെങ്കിലും നിർദ്ദേശം ഡി.സി.ഇ.ക്ക് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, നോംസ് അനുസരിച്ച് സ്ഥലം മാറ്റത്തിന് അർഹതയുള്ള പല അദ്ധ്യാപകരുടെയും അപേക്ഷകൾ പരിഗണിക്കപ്പെടുകയുണ്ടായില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിയമപ്രകാരം അർഹതയുള്ളവരുടെ അപേക്ഷകൾ പരിഗണിക്കാതിരിക്കുവാനുണ്ടായ കാരണം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) അഞ്ചുവർഷത്തിൽ കൂടുതൽ മലബാർ സർവ്വീസുള്ള സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള എല്ലാ കോളേജ് അദ്ധ്യാപകർക്കും തിരുവനന്തപുരത്തേയ്ക്ക് സ്ഥലംമാറ്റം നൽകണമെന്ന നിർദ്ദേശം ഡി.സി.ഇ.ക്ക് നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) നോംസ് അനുസരിച്ച് അഞ്ചുവർഷം മലബാർ സർവ്വീസുള്ള അദ്ധ്യാപകർക്ക് തിരു-കൊച്ചി ഭാഗത്തേക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ടെങ്കിലും അപ്രകാരമുള്ള എല്ലാ പേർക്കും ഒരു വർഷം കൊണ്ട് സ്ഥലംമാറ്റം നൽകിക്കൊള്ളണമെന്നില്ല. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളുടെ പരിമിതിയും മറ്റു സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഒരു വർഷംകൊണ്ട് മലബാറിൽ നിന്നും തിരു-കൊച്ചി ഭാഗത്തേയ്ക്ക് സ്ഥലം മാറ്റം ആവശ്യപ്പെടുന്നവർക്കെല്ലാം നൽകുവാൻ സാധിച്ചെന്നുവരില്ല.

കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം

402 [748] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം കോളേജ് അദ്ധ്യാപകരുടെ സ്ഥലം മാറ്റം നടത്തിയത് 27–2–1973–ലെ ആർ.ടി. 286/73/ഇ.ഡി.എൻ. എന്ന സർക്കാർ ഉത്തരവിലെ നോംസ് അനുസരിച്ചാണോ;

(ബി) അല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിൽ പറയുന്ന നോംസ് അനുസരിച്ച് അർഹരായ ആരുടെയെല്ലാം അപേക്ഷകൾ പരിഗണിക്കാതിരുന്നുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly